സാമൂഹിക പ്രത്യാഘാത പഠനം

# അബാൻ ജംഗ്ഷൻ മേൽപ്പാല നിർമ്മാണം (അധിക ഭൂമി ഏറ്റെടുക്കൽ)

പത്തനംതിട്ട വില്ലേജ്
കോഴഞ്ചേരി താലൂക്ക്, പത്തനംതിട്ട ജില്ല

തീയതി : 22/01/2025

റിക്വസിഷൻ അധികാരി
കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി)

കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്
കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002
ഫോൺ : 0481 2572781, 2573875
E-mail :keralavhs@yahoo.co.in
Web :www.keralavhs.org

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.


അബാൻ ജംഗ്ഷൻ മേൽപ്പാല നിർമ്മാണം (അധിക ഭൂമി ഏറ്റെടുക്കൽ)
പത്തനംതിട്ട വില്ലേജ്
കോഴഞ്ചേരി താലൂക്ക്, പത്തനംതിട്ട ജില്ല
**പഠന റിപ്പോർട്ട്- രത്ന ചുരുക്കം**

### 1.1. ആമുഖം


അബാൻ പാലം പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം അനുശാസിക്കും വിധം 2014 ഫെബ്രുവരി 27-ാം തീയതി 4 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ആയതിൻ പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി അന്തിമ റിപ്പോർട്ട് 2024 ഏപ്രിൽ മാസം 10-ാം തീയതി സമർപ്പിക്കുകയും ചെയ്യുകയുണ്ടായി. എന്നാൽ 268 പാർട്ട്, 164 പാർട്ട് സർവ്വേ നമ്പരുകൾ മേൽപറഞ്ഞ 4(1) വിജ്ഞാപനത്തിൽ ഉൾപ്പെട്ട് വരാത്തതിനാൽ ടി സർവ്വേ നമ്പരുകളിലും കൂടി സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി 11(1) വിജ്ഞാപനം പുറപ്പെടുവിക്കാം എന്ന് ഗവൺമെന്റ് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2024 ഡിസംബർ മാസം 20-ാം തീയതി ടി സർവ്വേനമ്പരുകൾ ഉൾപ്പെടുത്തി 4(1) വിജ്ഞാപനം പുറപ്പെടുവിക്കുകയും, സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കേരള വോളന്ററി ഹെൽത്ത് സർവ്വീസിനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് ആയതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ളതാണ്.


### 1.2. പദ്ധതി പ്രദേശം

268 പാർട്ട്, 164 പാർട്ട് സർവ്വേ നമ്പരുകൾ കോഴഞ്ചേരി താലൂക്കിൽ, പത്തനംതിട്ട വില്ലേജിൽ ഉൾപ്പെടുന്ന സ്ഥലങ്ങളാണ്. ഇതിൽ 268 പാർട്ട്, മൈലപ്ര വില്ലേജുമായി അതിർത്തി പങ്കിടുന്ന സ്ഥലവും, 164 പാർട്ട് പത്തനംതിട്ട സ്റ്റേഡിയത്തിനോട് ചേർന്നുള്ള സ്ഥലവുമാണ് എന്ന് വില്ലേജ് രേഖകൾ, ഡിജിറ്റൽ സർവ്വേ ഓഫീസ് രേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്നും വില്ലേജ് ഓഫീസർ, ഡിജിറ്റൽ സർവ്വേ ഉദ്യോഗസ്ഥർ എന്നിവർ അനൗദ്യോഗികമായി അറിയിക്കുകയുണ്ടായി.




MULLANKUZHY
KOTTAYAM-2
COLLECTORATE P.O.








KERALA V H S
COLLECTORATE P.O.







COLLECTORATE P.O.

**1.8. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ**

268 പാർട്ട്, 164 പാർട്ട് സർവ്വേ നമ്പരുകളിൽപ്പെടുന്ന ഭൂമികളുടെ ഏറ്റെടുക്കൽ ( പൊതുതാൽപര്യം അതായത് അബാൻ പാലം നിർമ്മാണം) പ്രധാനമല്ല എന്ന് പ്രഥമ ദൃഷ്ട്യാ ബോധ്യപ്പെടുന്നതാണ്. ടി സർവ്വേ നമ്പരുകളിൽ ഉള്ള ഭൂമി, നടപ്പാക്കൽ ഏജൻസി അതിർത്തികല്ലുകൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്ത് നിന്നും അകലെയായി സ്ഥിതി ചെയ്യുന്നതും മറ്റ് പദ്ധതി ബാധിതർക്ക് അറിവില്ലാത്തതുമാണ്.

ബഹുമാനപ്പെട്ട ഗവൺമെന്റ് 2024 ഡിസംബർ 20-ാം തീയതി പുറപ്പെടുവിച്ച 4(1) വിജ്ഞാപന പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റ് ആറ് തവണ പദ്ധതി പ്രദേശം സന്ദർശിക്കുകയും, തഹസിൽദാർ ഓഫീസിൽ നിന്നും നടപ്പാക്കൽ ഏജൻസിയിൽ നിന്നും ലഭ്യമായ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഭൂമി കണ്ടെത്താൻ ശ്രമം നടത്തുകയും ഉണ്ടായി. തുടർന്ന് ഭൂമി കണ്ടെത്താൻ സഹായിക്കണം എന്ന് കാട്ടി പ്രത്യേക കത്ത് 2025 ജനുവരി മാസം 10-ാം തീയതി സ്പെഷ്യൽ തഹസിൽദാർ ഓഫീസിന് നൽകുകയും ഉണ്ടായി. എന്നാൽ നാളിത് വരെ ജോയിന്റ് വെരിഫിക്കേഷൻ നടക്കുക ഉണ്ടായിട്ടില്ല. തുടർന്ന് സമയ പരിധിക്ക് ഉള്ളിൽ പഠനം പൂർത്തീകരിക്കാൻ സഹായിക്കണം എന്ന അഭ്യർത്ഥനയിൽ സ്പെഷ്യൽ തഹസിൽദാർ പത്തനംതിട്ട വില്ലേജ് ഓഫീസറെ നേരിട്ട് ബന്ധപ്പെട്ട് വേണ്ട സഹായങ്ങൾ ഉറപ്പ് വരുത്തിയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ റവന്യൂ രേഖകളുടെ അടിസ്ഥാനത്തിലാണ് 4(1) വിജ്ഞാപനത്തിൽ ഉൾപ്പെടുന്ന 268 പാർട്ട്, 164 പാർട്ട് ഭൂമികൾ പദ്ധതിക്ക് ആവശ്യമായ ഭൂമിയിൽ ഉൾപ്പെടുന്നില്ല എന്ന നിഗമനത്തിൽ പഠന സംഘം എത്തപ്പെട്ടത്.

മേൽപറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത് 2024 ഡിസംബർ 20-ാം തീയതി ബഹുമാനപ്പെട്ട സർക്കാർ പുറപ്പെടുവിച്ച 4(1) വിജ്ഞാപനത്തിൽ ഉൾപ്പെടുന്ന 268 പാർട്ട്, 164 പാർട്ട് ഭൂമികളിൽ ഉള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പൊതുതാൽപര്യ പ്രധാനം അല്ല എന്നാണ്.

ചെയർമാൻ
സാമൂഹ്യ പ്രത്യാഘാത യൂണിറ്റ്

അനുബന്ധം : ഗസറ്റ് നോട്ടിഫിക്കേഷൻ

©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>വെള്ളി<br><br>Thiruvananthapuram,<br>Friday | 2024 ഡിസംബർ 20<br>20th December 2024<br>1200 ധനു 5<br>5th Dhanu 1200<br>1946 അഗ്രഹായനം 29<br>29th Agrahayana 1946 | നമ്പർ<br>No. | 4039 |

ഫോറം നം. 4
[റൂൾ 11 (3) കാണുക]

**വിജ്ഞാപനം**

C1-343161/2022 തീയതി: 18/12/2024

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത് പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരി താലൂക്കിൽ പത്തനംതിട്ട വില്ലേജിൽ നിർമ്മിക്കുന്ന അബാൻ ഫ്ലൈ ഓവറിന്റെ നിർമ്മാണത്തിനായി ഭൂമി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ, ജില്ലാ കളക്ടർക്ക് ബോധ്യമാകുന്നതിനാലും, 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് ( 2013-ലെ കേന്ദ്ര ആക്ട് 30) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ജില്ലാ കളക്ടർ, താഴെ പട്ടികയിൽ പറയുന്ന സ്ഥലത്ത് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇപ്പോൾ തൻമൂലം ജില്ലാതല പാനലിൽ നിന്നും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റായ **കേരള വോളന്ററി ഹെൽത്ത് സർവ്വീസസ്, മുള്ളൻകഴി, കളക്ടറേറ്റ് പി ഒ , കോട്ടയം** എന്ന യൂണിറ്റിനെ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനും, സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്തിയിരിക്കുന്നു. സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ എല്ലാ വിധ നടപടികളും **GO (MS) No.94/2023/RD DTD 30/4/23** നമ്പർ സർക്കാർ ഉത്തരവിന് വിധേയമായിരിക്കും.

<u>പട്ടിക</u>

താലൂക്ക്: കോഴഞ്ചേരി    ജില്ല പത്തനംതിട്ട

വില്ലേജ്: പത്തനംതിട്ട

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

| ക്രമ നമ്പർ | വില്ലേജ് | റീസർവ്വേ നമ്പർ | വിവരണം | ആകെ വിസ്തീർണ്ണം |
|---|---|---|---|---|
| 1 | പത്തനംതിട്ട | 268 pt, 164 pt | നിലം | |

**(ഒപ്പ്)**

**ജില്ലാകളക്ടർ**

**പത്തനംതിട്ട**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Form No .4
[See rule 11(3)]

**NOTIFICATION**

C1-343161/2022 Dated: 18.12.2024

WHEREAS, it appears to the Government of Kerala that the said land specified in the schedule below is needed or likely to be needed for a public purpose to wit for the construction of **Aban Junction Overbridge, Pathanamthitta Village in Kozhencherry Taluk at Pathanamthitta District.**

AND WHEREAS, in exercise of the powers conferred in sub-section (1) of section 4 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013) Government of Kerala have decided to conduct a Social Impact Assessment in the area specified in the schedule below.

Now, THEREFORE, sanction is accorded to the District Level Social Impact Assessment Unit, **Kerala Voluntary Health Services,Mullankuzhy Collectorate P O , Kottayam** to conduct a social Impact Assessment Study and to prepare a Social Impact Management Plan as provided in the Act, the process shall be completed within a period of 45 days not exceeding six months in any case.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## SCHEDULE

Taluk: Kozhencherry District: Pathanamthitta
Village: Pathanamthitta

(The extent given is an approximate)

| Serial No | Village, | Survey No | Description | Total Extent |
|---|---|---|---|---|
| 1 | Pathanamthitta | 268 pt, 164 pt | Nilam | |
| | | | | |

sd/-

**District Collector**

**Pathanamthitta**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.12.20 06:37:21 +05:30